"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

REV-H3/726/2024-REV
റവന്യൂ (എച്ച്) വകുപ്പ്
തിരുവനന്തപുരം,
തീയതി: 02-01-2025

## സർക്കുലർ

വിഷയം:- കേരള റവന്യൂ റിക്കവറി നിയമ പ്രകാരം കുടിശ്ശിക ഈടാക്കി നൽകുന്നതിനായി കേരള ബാങ്ക് അർത്ഥന നൽകുന്ന കേസുകളിൽ 20ലക്ഷം വരെയുള്ള കുടിശ്ശികയ്ക്ക് പരമാവധി തവണ അനുവദിക്കുന്നത് - സംബന്ധിച്ച്

സൂചന:- 20.01.2024 ലെ എച്ച് 3/607/2023 /റവ നമ്പർ സർക്കുലർ

കേരള ബാങ്കിൽ നിന്നും അനുവദിച്ച വായ്പ ,കുടിശ്ശികയായ ശേഷം കേരള റവന്യൂ റിക്കവറി ആക്റ്റ് പ്രകാരം റവന്യൂ റിക്കവറി ആയ കേസുകളിൽ, ഗഡുക്കൾ അനുവദിക്കുന്നതിനായി ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച് തികച്ചും അർഹമായ കേസുകളിൽ പരമാവധി 6 മുതൽ 8 തവണ വരെ മാത്രം തവണ അനുവദിക്കാവുന്നതാണെന്നും 10 ലക്ഷത്തിനു മുകളിൽ വായ്പയെടുത്തിട്ടുള്ളവർക്ക് തവണ അനുവദിക്കേണ്ടതില്ലായെന്നും സൂചന സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിരുന്നു. 2024-ലെ " കേരള നികുതി വസൂലാക്കൽ (ഭേദഗതി) ആക്റ്റ്", സെക്ഷൻ 83 എ പ്രകാരം റവന്യൂ റിക്കവറി കേസുകളിൽ സർക്കാരിന് സ്റ്റേയും ഗഡുക്കളും അനുവദിക്കാവുന്നതാണ്. ആകയാൽ സൂചന പരിപത്രത്തിലെ വ്യവസ്ഥകൾ പുനഃക്രമീകരിച്ച് കേരള ബാങ്ക് വായ്പാ കുടിശ്ശികകൾക്ക് റവന്യൂ റിക്കവറിയായ ശേഷം തവണകൾ അനുവദിക്കുന്നതു സംബന്ധിച്ച് താഴെപ്പറയും പ്രകാരം നിർദ്ദേശം നൽകുന്നു.

കേരള റവന്യൂ റിക്കവറി ആക്റ്റ് പ്രകാരം കുടിശ്ശിക ഈടാക്കി നൽകുന്നതിനായി കേരള

ബാങ്ക് അർത്ഥന നൽകുന്ന കേസുകളിൽ 20ലക്ഷം വരെയുള്ള കുടിശ്ശികയ്ക്ക് പരമാവധി തവണ അനുവദിക്കാവുന്നതാണ്.

ഇക്കാര്യം സംബന്ധിച്ച് റവന്യൂ റിക്കവറി പോർട്ടലിൽ ആവശ്യമായ ഭേദഗതി വരുത്തുന്നതിനുള്ള നടപടികൾ ലാൻഡ് റവന്യൂ കമ്മീഷണർ സ്വീകരിക്കേണ്ടതാണ്.

സ്നേഹലത കെ
ജോയിന്റ് സെക്രട്ടറി

ഉത്തരവിൻ പ്രകാരം

Signed by
Misha C P
Date: 03-01-2025 11:32:33

സെക്ഷൻ ഓഫീസർ.

ലാൻഡ് റവന്യൂ കമ്മീഷണർ ,തിരുവനന്തപുരം
കേരള ബാങ്ക് സി.ഇ .ഒ
എല്ലാ ജില്ലാ കളക്ടർമാർക്കും
വെബ് & ന്യൂ മീഡിയ(പ്രസിദ്ധീകരണത്തിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

പകർപ്പ്

ബഹു മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബഹു ധനകാര്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബഹു റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബഹു സഹകരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബഹു റവന്യൂ വകുപ്പ് സെക്രട്ടറിയുടെ സി.എ/പി.എ

ബഹു റവന്യൂ വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ സി.എ/പി.എ